**MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION**

*(Under the Holy Apostolic See of Antioch and All the East)* **Reg. No. ER/308/07**

Circular to All Sunday School and Co-workers
Website : www.mjssa.in
Email : mjssahq@gmail.com

CIRCULAR NO.M/C/10/2025

MJSSA HEAD QUARTERS,
Puthencruz P.O., Ernakulam District,
Kerala state, Pin - 682 308,
Phone : 0484 - 2730150, 80781 57150

Date : 27.06.2025

# 50-ാം വാർഷികപൊതുയോഗം

എം.ജെ.എസ്.എസ്.എ. 50-ാമത് വാർഷിക പൊതുയോഗം 2025 ജൂൺ 14 ശനിയാഴ്ച അസ്സോസിയേഷൻ പ്രസിഡന്റ് അഭി.ഡോ.മാത്യൂസ് മോർ അന്തീമോസ് മെത്രാപ്പോലീത്തയുടെ അദ്ധ്യക്ഷതയിൽ ചേർന്ന് താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു. യോഗാരംഭത്തിനു മുമ്പായി വൈസ് പ്രസിഡന്റ് റവ.ഫാ. ജെയിംസ് കുര്യൻ പതാക ഉയർത്തി. പൊതുയോഗ നടപടികൾ രാവിലെ 10 ന് ആരംഭിച്ചു.

പ്രാർത്ഥനയെത്തുടർന്ന് ഭക്തിപ്രമേയം, ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവ കാലം ചെയ്തതിൽ അനുശോചനം അറിയിച്ച് പ്രമേയം, റിപ്പോർട്ട് വർഷം കർതൃസന്നിധിയിലേക്ക് മാറ്റപ്പെട്ട അങ്കമാലി ഭദ്രാസന ഈസ്റ്റ് സോൺ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.കെ.കെ. പൗലോസ് ഉൾപ്പടെ മറ്റ് അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും അനുസ്മരിച്ച് അനുശോചനപ്രമേയം അവതരിപ്പിക്കുകയും ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്തു.

നവാഭിഷിക്ത ശ്രേഷ്ഠ ബസേലിയോസ് ജോസഫ് കാതോലിക്ക ബാവായ്ക്കുള്ള അനുമോദന പ്രമേയം അവതരിപ്പിച്ചു. എം.ജെ.എസ്.എസ്.എ.ജീവനക്കാരായിരുന്ന് വിരമിച്ച ശ്രീമതി ഡോളി കെ.സാം, ജീന റെജി എന്നിവരെ ആദരിച്ച് അവർക്കുള്ള ആനുകൂല്യങ്ങൾ നൽകി.

കർതൃശുശ്രൂഷയിൽ 50 വർഷം സേവനം പൂർത്തിയാക്കിയ 26 അദ്ധ്യാപകർക്ക് ഗുരുശ്രേഷ്ഠ അവാർഡും മൊമെന്റോയും പൊന്നാടയും നൽകി പ്രസിഡന്റ് തിരുമേനി ആദരിച്ചു.

2024 വാർഷിക പരീക്ഷയിൽ അഖിലമലങ്കര തലത്തിലുള്ള റാങ്ക് ജേതാക്കളെ ആദരിച്ചു.

പ്രവർത്തനവർഷം 100 കൊല്ലം പൂർത്തിയാക്കിയ സൺഡേസ്കൂളുകളെ ആദരിച്ചു.

തുടർന്ന് അജണ്ടപ്രകാരം യോഗനടപടികൾ ആരംഭിച്ചു.

1. പൊതുയോഗ നോട്ടീസ് ജനറൽ സെക്രട്ടറി വായിച്ച് ആയത് റിക്കാർഡ് ചെയ്തു.
2. മുൻ പൊതുയോഗ മിനിറ്റ്സ് ജനറൽ സെക്രട്ടറി വായിച്ച് ആയത് പൊതുയോഗം അംഗീകരിച്ച് പാസ്സാക്കി. 08.06.2024 ലെ 20-ാം നമ്പർ വാർഷിക പൊതുയോഗ നിശ്ചയപ്രകാരം നിലവിലുള്ള ഭരണഘടനാഭേദഗതികൾ പൊതുയോഗം ചർച്ച ചെയ്യുകയും ആയത് ജില്ലാ രജിസ്ട്രാറുടെ അംഗീകാരം വാങ്ങിയതിനുശേഷം അടുത്ത വാർഷിക പൊതുയോഗത്തിൽ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള തെരഞ്ഞെടുപ്പ് സംബന്ധിച്ച ഉപനിയമങ്ങൾ(നടപടിചട്ടങ്ങൾ) ഭേദഗതി ചെയ്യുന്നതിനും ഭരണഘടനയിൽ 36(a) ചേർക്കുന്നതിനും യോഗം തീരുമാനിച്ചു.
3. 2024-2025 വർഷത്തെ വാർഷിക റിപ്പോർട്ട് ജനറൽ സെക്രട്ടറി യോഗത്തിൽ അവതരിപ്പിച്ചത് പാസ്സാക്കി.
4. 2024-2025 വർഷത്തെ വരവുചെലവുകണക്കുകൾ, സപ്ലിമെന്ററി ബഡ്ജറ്റ്, ആഡിറ്റ് റിപ്പോർട്ട് അവക്കുള്ള മറുപടികൾ എന്നിവ ട്രഷറാർ എൽദോ ഐസക് യോഗത്തിൽ അവതരിപ്പിക്കുകയും ചർച്ചകൾക്കുശേഷം കണക്കുകളും അഡീഷണൽ ബഡ്ജറ്റും ആഡിറ്റ് റിപ്പോർട്ടിനുള്ള മറുപടികളും യോഗം അംഗീകരിച്ചു.
5. 2025-2026 വർഷത്തെ വരവ് 1,49,13,500 രൂപയും ചെലവ് 1,48,51,856 രൂപയും നീക്കിബാക്കി 61,644 രൂപയുമുള്ള ബഡ്ജറ്റ് പൊതുയോഗം അംഗീകരിച്ചു.
6. സമ്പൂർണ്ണ ആത്മദീപം വരിക്കാരായ സൺഡേസ്കൂളുകളെ ആദരിക്കുവാൻ തീരുമാനിച്ചു.
7. പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നതു സംബന്ധിച്ച് പരി. സഭയിലെ അഭി.പിതാക്കന്മാരുമായി ഉന്നതമായ ചർച്ചകൾക്കനുസരിച്ച് വ്യക്തമായ സിലബസിന് രൂപം നല്കി, ഓരോ ക്ലാസ്സുകളിലേയും പാഠഭാഗങ്ങൾ ക്രോഡീകരിച്ച് പ്രസിദ്ധീകരിക്കേണ്ടതാണ്.
8. പുതിയ പാഠപുസ്തകങ്ങളോടൊപ്പം ഹാൻഡ്ബുക്ക് ക്രമീകരിക്കേണ്ടതാണ്.

9. 5 മുതൽ 9 വരെയും 11-ാം ക്ലാസ്സിലേയും 90 മാർക്ക് വരെയുള്ള ഉത്തരക്കടലാസുകൾ മുകൾ തലങ്ങളിലേക്ക് അയക്കേണ്ടതും അതിൽനിന്നും 5 റാങ്കുകൾ പ്രസിദ്ധീകരിക്കേണ്ടതുമാണ്.

10. ചാരിറ്റി ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട സൺഡേസ്കൂൾ ഡിസ്ട്രിക്ട്, ഭദ്രാസനം എന്നീ തലങ്ങളിലുള്ള ധനസമാഹരണത്തോടു കൂടി നിർമ്മിക്കുന്നവയ്ക്ക് കേന്ദ്രതലത്തിൽനിന്ന് ധനസഹായം കൊടുക്കുവാൻ ആവശ്യമായ ക്രമീകരണം ചെയ്യേണ്ടതാണ്.

11. കാതോലിക്കോസ് ബസേലിയോസ് തോമസ് പ്രഥമൻ അക്കാദമി ഓഫ് എക്സലൻസിന്റെ നേതൃത്വത്തിൽ പുതിയ പ്രൊജക്ടുകൾക്ക് രൂപം കൊടുക്കേണ്ടതാണ്.

12. പെന്തിക്കോസ്തി കാണിക്കയുടെ ഡിസ്ട്രിക്ട് വിഹിതം 20%ത്തിൽ നിന്ന് 30%ആയി ഉയർത്തി 2025 വർഷം മുതൽ ഡിസ്ട്രിക്ടുകൾക്ക് നൽകേണ്ടതാണ്.

13. ചാരിറ്റി ഫണ്ടിൽനിന്ന് വിനിയോഗിച്ച തുക പ്രവർത്തന ഫണ്ടിലേക്ക് ലയിപ്പിക്കുവാൻ തീരുമാനിച്ചു.

14. സൺഡേസ്കൂൾ അദ്ധ്യയനവർഷം സ്കൂൾ അക്കാദമിക് കാലയളവ്പോലെ ആക്കുവാനുള്ള നിർദ്ദേശം പഠിക്കുവാനും റിപ്പോർട്ട് സമർപ്പിക്കുവാനും തീരുമാനിച്ചു.

15. ബെസ്റ്റ് സൺഡേസ്കൂൾ പെർഫോർമ പരിഷ്കരിക്കുവാൻ തീരുമാനിച്ചു.

16. വെബ്സൈറ്റ് സംബന്ധിച്ച് ഭദ്രാസനതലങ്ങളിൽ പരിശീലനക്ലാസ്സുകൾ സംഘടിപ്പിച്ച് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

ഐ.റ്റി. പരിജ്ഞാനമുള്ള 2 അദ്ധ്യാപകരെ ഭദ്രാസനമേഖല തലത്തിൽ നിയോഗിച്ച് സൺഡേസ്കൂൾ ഡിസ്ട്രിക്ട് തലങ്ങളിൽ ആവശ്യമായ ട്രെയിനിംഗ് നടത്തേണ്ടതാണ്.

17. എം.ജെ.എസ്.എസ്.എ.യിൽ സോളാർ പാനൽ വെക്കുന്നിന് വേണ്ട ക്രമീകരണങ്ങളെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് വെയ്ക്കുവാൻ നിശ്ചയിച്ചു.

18. ചോദ്യങ്ങൾക്കും പ്രമേയങ്ങൾക്കും ആവശ്യമായ മറുപടി പൊതുയോഗത്തിൽ ജനറൽ സെക്രട്ടറി നൽകി.

19. അടുത്ത ഒരു വർഷത്തേക്ക് ആഡിറ്റർമാരായി സാബു വർഗീസ് പള്ളിക്കര, ജോസഫ് രഞ്ജിത്ത് ജി. ചേലാട്, സാജൻ കുര്യാക്കോസ് മണർകാട് എന്നിവരെ തെരഞ്ഞെടുത്തു.

20. കേന്ദ്രഭാരവാഹികളുടെ 2026-29 വർഷത്തെ തെരഞ്ഞെടുപ്പിനുള്ള റിട്ടേണിംഗ് ആഫീസർ തെരഞ്ഞെടുപ്പ് 2026-29 വർഷത്തേക്കുള്ള കേന്ദ്രഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടത്തുന്നതിലേക്കായി തെരഞ്ഞെടുപ്പ് നടപടിചട്ടം വകുപ്പ്3(2) പ്രകാരം താഴെ പറയുന്നവരെ തെരഞ്ഞെടുത്തു.

    1. മുഖ്യവരണാധികാരി- ശ്രീ. റോയി പി.ഏലിയാസ് സെന്റ്മേരീസ് സൺഡേസ്കൂൾ കാരിമറ്റം
    2. സഹവരണാധികാരികൾ- 1)ശ്രീ.ബേബി മാത്താറ മോർ ബഹനാം സൺഡേസ്കൂൾ വെങ്ങോല 2) ശ്രീ.അനീഷ് മാത്യു സെന്റ് പോൾസ് സൺഡേസ്കൂൾ പൂതൃക്ക.

**2025 മെയ് 24-ാം തീയതി കൂടിയ സെൻട്രൽ കമ്മറ്റി തീരുമാനങ്ങൾ.**

1. എം.ജെ.എസ്.എസ്.എ.യിൽനിന്നും പെൻഷൻ വാങ്ങുന്ന അദ്ധ്യാപകരുടെ മസ്റ്ററിംഗ് നടത്തി അതാതു ഹെഡ്മാസ്റ്റർ റിപ്പോർട്ട് നൽകണം.
2. ഡെല്ലാ ബെന്നിയെ ഓഫീസ് മാനേജരായി നിയമിക്കുവാൻ അംഗീകാരം നൽകി
3. അക്കൗണ്ടന്റ് തസ്തികയിലേക്ക് ആളെ നിയമിക്കുവാൻ തീരുമാനിച്ചു.
4. വി.ആർ.എസ്. എടുത്ത് പിരിഞ്ഞുപോകുന്ന ശ്രീമതി ഡോളി കെ. സാമിന് ആനുകൂല്യവും വെൽഫയർ ഫണ്ടും കൂടാതെ ചികിത്സാ ചെലവിനായി സംഭരിച്ച തുക ജനറൽസെക്രട്ടറിയുടെയും ഡോളിയുടെയും പേരിൽ കിടക്കുന്ന ഡെപ്പോസിറ്റ് തുകയും നൽകുവാൻ തീരുമാനിച്ചു.
5. മെയ് 31ന് റിട്ടയർ ആകുന്ന ശ്രീമതി ജീന റെജിക്ക് റിട്ടയർമെന്റ് ബെനിഫിറ്റും വെൽഫയർഫണ്ട് തുകയും നൽകുന്നതിനും തീരുമാനിച്ചു.
6. ആലുവ ഡിസ്ട്രിക്ട് രണ്ടായി വിഭജിച്ച് ആലുവ, അകപ്പറമ്പ് എന്നീ രണ്ടു ഡിസ്ട്രിക്ടുകളായി തിരിക്കുവാൻ സോൺ ഡയറക്ടർ ശ്രീ.പി.സി. ഏലിയാസ് സമർപ്പിച്ച അപേക്ഷ അംഗീകരിച്ചു.

**കലോത്സവസർക്കുലറിൽ (7/2025) ചേർക്കേണ്ടത്**

7. ആരാധനാ ഗീതങ്ങൾ- നിറത്തിൽ(രാഗത്തിൽ)പാടേണ്ട പാട്ടുകൾ നിർബന്ധമായും നിറത്തിലും അല്ലാത്തവ എം.ജെ.എസ്.എസ്.എ. ഔദ്യോഗികമായി നൽകിയിട്ടുള്ള വോക്കൽ (2 ട്യൂണുകൾ) മാത്രമേ അനുവദിക്കുകയുള്ളൂ. മറ്റ് രീതിയിലുള്ള പാട്ടുകളും പരിഗണിക്കുന്നതല്ല. ഇതോടൊപ്പം 2 ട്യൂണുകളും ഉള്ള വോക്കൽ ലിങ്ക് വാട്സ് ആപ് വഴി ലഭിക്കുന്നതാണ്.

കർത്താവിൽ എളിയ ശുശ്രൂഷകൻ,

**പി.വി. ഏലിയാസ്**
ജനറൽ സെക്രട്ടറി